**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 819</u>** **<u>14-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെൻറ്** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പ്രധാന വായ്പാ പദ്ധതികൾ അനുബന്ധം 1 -ആയി ചേർക്കുന്നു. |
| (ബി) | കോർപ്പറേഷന്റെ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി എന്തെങ്കിലും പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (ബി) | കോർപ്പറേഷന്റെ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 2 -ആയി ചേർക്കുന്നു. |
| (സി) | കോർപ്പറേഷന്റെ എന്റെ വീട് പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് എത്ര ലക്ഷം രൂപയാണ് പരമാവധി അനുവദിക്കുന്നത്; ഇതിനകം എത്രപേർക്ക് ലോൺ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) | കോർപ്പറേഷൻ എന്റെ വീട് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് പരമാവധി 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഇതിനകം 945 പേർക്ക് 52.48 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഹരിത സാങ്കേതിക വിദ്യാ മേഖലയിൽ കോർപ്പറേഷൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തുന്നത്; വിശദമാക്കുമോ? | (ഡി) | കോർപ്പറേഷൻ വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്വയംതൊഴിൽ വായ്പ കുറഞ്ഞ പലിശ നിരക്കിൽ അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 819 | 14.01.2021-ന് മറുപടിയ്ക്ക്

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. വിൻസെന്റ് :** | **എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ; | (എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പ്രധാന വായ്പാ പദ്ധതികൾ അനുബന്ധം 1 -ആയി ചേർക്കുന്നു. |
| (ബി) കോർപ്പറേഷന്റെ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി എന്തെങ്കിലും പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (ബി) കോർപ്പറേഷന്റെ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 2 -ആയി ചേർക്കുന്നു. |
| (സി) കോർപ്പറേഷന്റെ എന്റെ വീട് പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് എത്ര ലക്ഷം രൂപയാണ് പരമാവധി അനുവദിക്കുന്നത് ; ഇതിനകം എത്രപേർക്ക് ലോൺ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) കോർപ്പറേഷൻ എന്റെ വീട് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് പരമാവധി 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഇതിനകം 945 പേർക്ക് 52.48 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) ഹരിത സാങ്കേതിക വിദ്യാ മേഖലയിൽ കോർപ്പറേഷൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തുന്നത് ; വിശദമാക്കുമോ ? | (ഡി) കോർപ്പറേഷൻ വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്വയംതൊഴിൽ വായ്പ കുറഞ്ഞ പലിശ നിരക്കിൽ അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം 1</u>

## <u>മറ്റു പിന്നാക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ</u>

<table>
<tr><th>പദ്ധതിയുടെ പേര്</th><th>പരമാവധി വായ്പാ തുക</th><th>പലിശ നിരക്ക്</th></tr>
<tr><td>1. സ്വയം തൊഴിൽ പദ്ധതി<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>15 ലക്ഷം രൂപ</td><td>5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8%</td></tr>
<tr><td>2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>2 ലക്ഷം രൂപ</td><td>5%</td></tr>
<tr><td>3. വിദ്യാഭ്യാസ വായ്പാ പദ്ധതി<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപ (പ്രതിവർഷം 3 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ)</td><td>ആൺകുട്ടികൾ - 4%<br>പെൺകുട്ടികൾ - 3.5%</td></tr>
<tr><td>4. ലഘു വായ്പാ പദ്ധതി<br>(സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>CDS -കൾക്ക് പരമാവധി 3 കോടി രൂപ<br>NGO -കൾക്ക് പരമാവധി 3 കോടി രൂപ</td><td>NGO / CDS – 4%,<br>SHG ക്ക് - 5%</td></tr>
<tr><td>5. മഹിളാ സമൃദ്ധി യോജന<br>(വനിതകൾക്കുള്ള ലഘു വായ്പ)<br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)</td><td>CDS -കൾക്ക് പരമാവധി 3 കോടി രൂപ</td><td>CDS – 3%,<br>SHG ക്ക് - 4%</td></tr>
<tr><td rowspan="2">6. റി-ടേൺ വായ്പാ പദ്ധതി<br>(പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)</td><td>20 ലക്ഷം രൂപ</td><td>5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8%</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി.</td></tr>
<tr><td rowspan="2">7. സ്റ്റാർട്ട്-അപ് വായ്പാ പദ്ധതി<br>(പ്രൊഫഷണലുകൾക്ക് യോഗ്യതാടിസ്ഥാനത്തിൽ വരുമാന ദായക സംരംഭം ആരംഭിക്കുന്നതിനായി)</td><td>20 ലക്ഷം രൂപ</td><td>5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ<br>10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8%</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി</td></tr>
</table>

## മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) - NMDFC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1 (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ | 6% |
| 2. സ്വയം തൊഴിൽ പദ്ധതി - 2 (6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| 3. ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS/NGO - 50 ലക്ഷം രൂപ | NGO / CDS – 4%,<br>SHG - 5% |
| 4. വിദ്യാഭ്യാസ വായ്പാ പദ്ധതി - 1 (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപ (പ്രതിവർഷം 3 ലക്ഷം രൂപ) വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | 3% |
| 5. വിദ്യാഭ്യാസ വായ്പാ പദ്ധതി - 2 (6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) വിദേശത്ത് പഠിക്കുന്നതിന് 30 ലക്ഷം രൂപ (പ്രതിവർഷം 6 ലക്ഷം രൂപ) | ആൺകുട്ടികൾ - 8%<br>പെൺകുട്ടികൾ - 5% |
| 6. റി-ടേൺ വായ്പാ പദ്ധതി - 1 (പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ<br>**<u>പ്രത്യേക ആനുകൂല്യം</u>**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | 6.00% |
| 7. റി-ടേൺ വായ്പാ പദ്ധതി - 2 (പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസ മാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) (6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ<br>**<u>പ്രത്യേക ആനുകൂല്യം</u>**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | പുരുഷൻ - 8%<br>സ്ത്രീ - 6% |

**ഒ.ബി.സി. മതന്യൂനപക്ഷങ്ങളിൽപ്പെടുന്ന ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികൾക്ക്**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) | CDS / NGO – 3 കോടി രൂപ | CDS / NGO – 4%, SHG - 5% |
| 3. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ) (വരുമാന പരിധി ബാധകമല്ല) | CDS / NGO – 3 കോടി രൂപ | CDS / NGO – 3%, SHG - 4% |

**KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ**
**(ഒ.ബി.സി. - മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്)**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 6% |
| 2. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 9% |
| 3. പ്രവർത്തന മൂലധന വായ്പാ (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 8% |
| 4. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 9% |
| 5. വിദ്യാശ്രീ വായ്പ പദ്ധതി (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 6% |
| 6. വാഹന വായ്പ (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 8 ലക്ഷം രൂപ | 9% |
| 7. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥ ഗൃഹ) (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 10% |
| 8. വ്യക്തിഗത വായ്പ (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 11% |
| 9. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 1 (1,20,000/- ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 7.50% |
| 10. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 2 (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 8% |

## അനുബന്ധം 2

- താഴ്ന്ന വരുമാനക്കാരായ ഒ.ബി.സി. കുടുംബങ്ങൾക്ക് "റീ-ലൈഫ്" വായ്പാ പദ്ധതി. 1 ലക്ഷം രൂപ വായ്പ, 25000 രൂപ മൂലധന സബ്സിഡി.
- ശുചീകരണ മേഖലയിലെ തൊഴിലാളികൾ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്ക് NSKFDC വായ്പ. 3% പലിശ നിരക്കിൽ കുടുംബശ്രീ സി.ഡി.എസ്സുകൾക്ക് 3 കോടി രൂപ വായ്പ.
- കോർപ്പറേഷൻ ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും, വിപണനത്തിനുമായി ഒരു സ്ഥിരം വേദിയൊരുക്കുന്നതിന് വേണ്ടി ടൂറിസം സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ ദേശീയ പാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന 5.10 ഏക്കർ സ്ഥലത്ത് ക്രാഫ്റ്റ് വില്ലേജ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഉൽപ്പന്നങ്ങളുടെ തൽസമയ നിർമ്മിതി, വിപണനം എന്നിവയ്ക്കുള്ള സൗകര്യത്തിന് പുറമേ ഒ.ബി.സി. വിഭാഗങ്ങളുടെ തനത് കലകളുടെ പ്രദർശനം ഉൾപ്പെടെ സന്ദർശകരെ ആകർഷിക്കുന്ന രീതിയിലുള്ള വിനോദത്തിനും, വിജ്ഞാനത്തിനും, വിശ്രമത്തിനുമുള്ള ഉപാധികൾ കൂടി ഇവിടെ ഏർപ്പെടുത്തുന്നതാണ്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ക്രാഫ്റ്റ് വില്ലേജ് നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.
- പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്ക് പഞ്ചായത്തുൾപ്പെടുന്ന തരൂർ, കാവശ്ശേരി, കണ്ണമ്പ്ര, വടക്കഞ്ചേരി, പുതുക്കാട് ഗ്രാമ പഞ്ചായത്തുകളിലെ 50 വിധവകൾക്ക് ജീവനോപാധിയായി ആധുനിക തയ്യൽ യന്ത്രങ്ങളും അനുബന്ധ സാമഗ്രികളും.
- പ്രവാസ സ്വപ്നങ്ങളുമായി ഗൾഫ് നാടുകളിൽ ജോലി തേടി ചെന്ന് വിവിധ പ്രശ്നങ്ങൾ നിമിത്തം ജയിൽ വാസമുൾപ്പെടെ കൊടിയ യാതനകൾ സഹിച്ച് കേരള സർക്കാരിന്റെയും, സാമൂഹിക സംഘടനകളുടെയും നിതാന്ത പരിശ്രമങ്ങൾക്കൊടുവിൽ നാട്ടിൽ മടങ്ങിയെത്താൻ സാധിച്ച 10 വനിതകൾക്ക് ജീവനോപാധിയായി വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം.
- ദേശീയ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പരമ്പരാഗത വ്യവസായ ആധുനികവൽക്കരണ പദ്ധതി പ്രകാരം പൈക്കയിൽ മൺപാത്ര നിർമ്മാണ തൊഴിൽ നവീകരണ പദ്ധതി, വൈവിധ്യമാർന്ന ഉൽപ്പന്ന നിർമ്മിതിയിലും, ആധുനിക സാങ്കേതിക വിദ്യയിലും തൊഴിൽ പരിശീലനം, ആവശ്യമായ യന്ത്രങ്ങളുടെ സൗജന്യ വിതരണം, പരിശീലനം, അടിസ്ഥാന സൗകര്യ വികസനം, ഉൽപ്പന്ന വിപണന സഹായം.
- അടൂർ, കാഞ്ഞിരപ്പിള്ളി, നാദാപുരം, മാനന്തവാടി എന്നീ 4 ഉപജില്ലാ ഓഫീസുകൾ കൂടി പ്രവർത്തനം ആരംഭിച്ചു.